# ഗവ എൽ പി
# സ്കൂൾ
# കരിക്കിൻമേട്



30217

# ഗവ. എൽ. പി. സ്കൂൾ കരിക്കിൻമേട്

glpskarikkinmedu1999@gmail.com

# അക്കാഡമിക മാസ്റ്റർ പ്ലാൻ 2025-26

# ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയത്തിന്റെ ലഘു ചരിത്രം

3. വിദ്യാലയ വിവരം

4. അക്കാഡമിക പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തവ.
   അക്കാഡമികം, ഭൗതികം എന്നിങ്ങനെ തരം തിരിച്ച പട്ടിക.

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പദ്ധതി കരിക്കിൻമേട് ഗവ. എൽ.പി എസും ഏറ്റെടുത്തു. പദ്ധതി ഞങ്ങൾ സമർപ്പിക്കുകയാണ്.

എന്ന്
HM

PTA പ്രസിഡന്റ്

# ഗവൺമെന്റ് എൽ. പി . സ്കൂൾ കരിക്കിൻമേട്

കരിക്കിൻമേട് ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ തീർത്തും അവികസിതമായ ഒരു കുഗ്രാമമായിരുന്നു. ഇവിടുത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, വിഷമം പിടിച്ച കാലാവസ്ഥയും കുട്ടികൾക്ക് സ്കൂളിൽ പോവുക എന്നത് ഒരു ദുഃസ്വപ്നം ആക്കി മാറ്റിയിരുന്നു. ജനസാന്ദ്രത കുറഞ്ഞ ഈ പ്രദേശത്ത് ഒരു എൽ. പി സ്കൂൾ ആരംഭിക്കാൻ അധികാരികളെ പ്രേരിപ്പിച്ച പ്രധാന ഘടകവും ഇതായിരുന്നു.

D.P.E.P പദ്ധതി പ്രകാരം പുതിയ സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടപ്പോൾ ഇവിടുത്തെ ജനങ്ങൾ മുന്നിട്ട് ഇറങ്ങി പണം സ്വരൂപിച്ച് ഒരേക്കർ സ്ഥലം വാങ്ങി D.P.E.P യ്ക്ക് വിട്ടു കൊടുത്തു.

01-07-1999-ൽ കാമാക്ഷി ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷേർലി ജോസഫ് സ്കൂൾ ഉദ്ഘാടനം ചെയ്തു. 12 കുട്ടികളുമായാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. സാധാരണക്കാരുടെയും കർഷകരുടെയും മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 21 കുട്ടികൾ പഠിക്കുന്നുണ്ട് . ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അദ്ധ്യാപകരും ഒരു PTCM ഉം ഒരു പാചക തൊഴിലാളിയുമുണ്ട്. കലാകായികരംഗത്തും പാഠ്യേതര രംഗത്തും മികവ് പുലർത്തുന്നു.

കെട്ടിടങ്ങളും അതിന്റെ പഴക്കവുമെല്ലാം പ്രധാന പരിമിതികളാണ്. ലൈബ്രറിയുടെയും കംപ്യൂട്ടർ മുറിയുടെയും അഭാവമുണ്ട്. ടോയ്‌ലറ്റ് നവീകരിക്കപ്പെടണം. കൂടാതെ മാലിന്യസംസ്കരണ പദ്ധതികളും ആവശ്യമാണ്.

# പ്രതിസന്ധികൾ, പരിമിതികൾ

- ഗതാഗത സൗകര്യം
- ജനസംഖ്യാ കുറവ്
- കാലാവസ്ഥ
- കുട്ടികളുടെ ജനന നിരക്കിലെ കുറവ്

1. വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി.എസ്, കരിക്കിൻമേട്

2. വിലാസം : പ്രകാശ് പി.ഒ കരിക്കൻമേട്

3. വിദ്യാഭ്യാസ ജില്ല : കട്ടപ്പന

4. വിദ്യാഭ്യാസ ഉപജില്ല : കട്ടപ്പന

5. റവന്യു ജില്ല: ഇടുക്കി

6. ബി.ആർ.സി : കട്ടപ്പന

7. സി.ആർ.സി : കാമാക്ഷി

8. ഗ്രാമപഞ്ചായത്ത് : കാമാക്ഷി

9. ബ്ലോക്ക് പഞ്ചായത്ത് : ഇടുക്കി

10. ജില്ലാ പഞ്ചായത്ത് : ഇടുക്കി

11. നിയമ സഭാ മണ്ഡലം : ഇടുക്കി

12. ലോക സഭാ മണ്ഡലം: ഇടുക്കി

13. താലൂക്ക് : ഇടുക്കി

14. വില്ലേജ് : ഉപ്പുതോട്

## അവസ്ഥാ വിശകലനം

1. ഒരേക്കർ സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നതെങ്കിലും അശാസ്ത്രിയമായ കെട്ടിട നിർമ്മാണം സ്കൂളിനെ അനാകർഷകമാക്കി മാറ്റി യിരിക്കുന്നു.

2. ജനസംഖ്യാകുറവുള്ള ഈപ്രദേശത്തെ മുഴുവൻ കുട്ടികളേയും സ്കൂളിലേക്ക് ആകർഷിക്കുവാൻ സാധിക്കുന്നില്ല. വാഹനത്തിന്റെ അപര്യാപതത പ്രധാന പ്രശ്നമാണ്.

3. കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാൻ ആവശ്യമായ ഫർണിച്ചറുകൾ ഇല്ല.

4. വർഷത്തിലെ മുഴുവൻ സമയവും ശുദ്ധജലം യഥേഷ്ടം ലഭ്യമല്ല.

5. Urinals  നവീകരിക്കേണ്ടതുണ്ട്.

6. ഉച്ചഭക്ഷണ പാചക പുരയുണ്ട്.

7. കംമ്പ്യൂട്ടർ, പ്രൊജക്ടർ, LCD തുടങ്ങിയ Hi-Tech സംവിധാനങ്ങൾക്കായി പ്രത്യേകം മുറിയില്ല.

8. ലൈബ്രറിയോ റീഡിംഗ് റൂമോ ഇല്ല.

9. ക്ലാസ് മുറികളിൽ ഉറപ്പുള്ള വാതിൽ, ജനൽ എന്നിവ ഇല്ല.

10. പ്രീ പ്രൈമറിക്ക് ക്ലാസ്സ്റൂം ഇല്ല

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

## അക്കാദമികം & സാമൂഹികം

1. ഇംഗ്ലീഷ് അസംബ്ലി
2. .ഇംഗ്ലീഷ് ഡയറി
3. ഇംഗ്ലീഷ് ബുള്ളറ്റിൻ
4. പദപ്രശ്ന നിർമ്മാണം (ഇംഗ്ലീഷ് & മലയാളം)
5. ഇംഗ്ലീഷ് കോർണർ
6. ഗ്രന്ഥശാല ശാക്തികരണം
7. നാടക കളരി
8. അഭിമുഖങ്ങൾ
9. സെമിനാറുകൾ
10. ദിനാചരണങ്ങൾ
11. ഗണിത ലാബ്
12. ശാസ്ത്ര ലാബ്
13. മേളകൾ
14. സാമൂഹിക ശാസ്ത്ര കോർണർ
15. ബുള്ളറ്റിൻ ബോർഡ്
16. പച്ചക്കറിത്തോട്ടം (പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്)
17. ജൈവ വൈവിധ്യ പാർക്ക്
18. ക്ലാസ്സ് PTA സജീവമാക്കൽ
19. പോഷകാഹാര പരിപാടി, പ്രഭാത ഭക്ഷണം
20. ഗവേഷണ പ്രോജ്കട്
21. ജന്മദിനത്തിനൊരു പുസ്തകം
22. സർഗോത്സവം
23. പുസ്തക സമാഹരണം
24. ട്യിന്നിംഗ്
25. വരയും കുറിയും
26. സുരീലി ഹിന്ദി
27. ഗണിതവിജയം
28. മലയാളത്തിളക്കം

29.ഹലോ ഇംഗ്ലീഷ്
30.യോഗ
31. സുമ്പ ഡാൻസ്
32.ആരോഗ്യ കായിക ശാക്തീകരണം
33.ഗെയിംസ്- ക്യാരംസ്, ചെസ്സ്, ബാഡ്മിന്റൺ
34. സ്കൂൾ സുരക്ഷാ/ജാഗ്രതാ സമിതി
35.പ്രഥമ ശുശ്രൂഷ പരിശീലനം
36.ഐ ലൈവ്
37. ഭൗതികം
38.അധിക പ്രവർത്തനങ്ങൾ
39.ഉപസംഹാരം

# പ്രവർത്തനങ്ങൾ

## പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.<br><br>അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു.<br><br>ഇംഗ്ലീഷിൽ ചോദ്യങ്ങൾ ചോദിക്കാനും മറുപടി നൽകാനും അവസരം നൽകുന്നു.<br><br>ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മകമായി രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കുക. വായനയും രചനയും പരിപോഷിപ്പിക്കുന്നതിന്. | ഓരോ മാസവും തിരഞ്ഞെടുക്കപ്പെട്ട വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | പ്രധാനാധ്യാപിക/ ഇംഗ്ലീഷ് അധ്യാപിക | |

## <u>പ്രവർത്തനം : 4</u>

പ്രവർത്തനത്തിന്റെ പേര് : പദപ്രശന നിർമ്മാണം (ഇംഗ്ലീഷ് & മലയാളം)

ഉപമേഖല : ഇംഗ്ലീഷ്/ മലയാളം പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ്/ മലയാളം പദപ്രശ്നം നിർമ്മിക്കുന്നു.<br><br>കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത സമയം നൽകുന്നു.<br><br>വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്, മലയാളം ക്ലബ് | |

## <u>പ്രവർത്തനം : 5</u>

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ.<br><br>കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം : 6

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല ശാക്തികരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ.<br><br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷ ത്തിൽ രണ്ട് പ്രാവശ്യം | പ്രധാന അധ്യാപിക, പിടിഎ,<br><br>ലൈബ്രേറിയ ൻ | |

## പ്രവർത്തനം : 7

പ്രവർത്തനത്തിന്റെ പേര് : നാടക കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ. | പരിചയപ്പെട്ടിട്ടുള്ള ബാല സാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടക ആവിഷ്കരണം. | പ്രതിമാ സം | ആർട്സ് ക്ലബ് | |

## പ്രവർത്തനം : 8

പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ.<br><br>വിവിധ മാധ്യമങ്ങളിൽ വരുന്ന അഭിമുഖങ്ങൾ കുട്ടികളെ കാട്ടിക്കൊടുക്കൽ.<br><br>അതിൽ നിന്ന് ഉൾക്കൊണ്ട ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകൽ. | പ്രതിമാസം | ഭാഷാ ക്ലബ് | |

## പ്രവർത്തനം : 9

പ്രവർത്തനത്തിന്റെ പേര് : സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം. | സാഹിത്യകാരന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകളിൽ പങ്കെടുപ്പിക്കൽ, അതിൽ നിന്ന് ഉൾക്കൊണ്ട ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകൽ. | വർഷത്തിലൊരു പ്രാവശ്യം | ഭാഷാ ക്ലബ് | |

## പ്രവർത്തനം : 10
പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു.<br><br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ് ആർ ജി | |

## പ്രവർത്തനം : 11
പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ്
ഉപമേഖല : ഗണിതപരമായ ബുദ്ധി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോടുള്ള വിരസത ഇല്ലാതാക്കാനും ഗണിതത്തിൽ കുട്ടികൾ പ്രാവീണ്യം നേടാനും. | ഗണിതവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ശേഖരിക്കുകയും ഗണിതലാബിൽ സജ്ജീകരിക്കുകയും ചെയ്യുന്നു.<br><br>ഉപകരണങ്ങളുടെ | വർഷം മുഴുവൻ | ഗണിത ക്ലബ്ബ്, ഗണിത ടീച്ചർ, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | പേരും ഉപയോഗവും നോട്ട് ചെയ്യുന്നു.<br><br>ഗണിത ക്ലാസുമായി ബന്ധപ്പെട്ട് കുട്ടികളെ ഗണിതലാബിലെ ഉപകരണങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുന്നു. | | | |

<u>പ്രവർത്തനം : 12</u>

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ്

ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ.കുട്ടികളിൽ ശാസ്ത്ര അവബോധം സൃഷ്ടിക്കൽ. | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും മോഡലുകളും തരംതിരിക്കുന്നു, ക്രമീകരിക്കുന്നു.<br><br>കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രദർശിപ്പിക്കുന്നു | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ്, സയൻസ് ടീച്ചർ, ക്ലാസ് ടീച്ചർ. | |

## പ്രവർത്തനം : 13

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾ ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.<br><br>ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

## പ്രവർത്തനം : 14

പ്രവർത്തനത്തിന്റെ പേര് : സാമൂഹിക ശാസ്ത്ര കോർണർ

ഉപമേഖല : സാമൂഹികശാസ്ത്ര അവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ . | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ. | വർഷം മുഴുവൻ. | സാമൂഹിക ശാസ്ത്ര ക്ലബ്. | |

## <u>പ്രവർത്തനം : 15</u>

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : അക്കാദമികം/സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്ക് വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ് | |

## <u>പ്രവർത്തനം : 16</u>

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം (പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്)

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതി യെ വീണ്ടെടുക്ക ൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്തെ ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ.<br><br>കുട്ടികളെ ഒപ്പം പങ്കെടുപ്പിച്ചുകൊണ്ട് സജീവമായി പച്ചക്കറി തോട്ടം നിലനിർത്തൽ. | വർഷം മുഴുവൻ. | എസ് ആർ ജി, എസ് എസ് ജി, കുട്ടികൾ. | |

## പ്രവർത്തനം : 17

പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്ത് അറിയാൻ അവസരം ഒരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ. | വർഷം മുഴുവനും | എസ് ആർ ജി | |

## പ്രവർത്തനം : 18

പ്രവർത്തനത്തിന്റെ പേര് : ക്ലാസ്സ് PTA സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താൻ. | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരുക.<br><br>പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 19

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി, പ്രഭാത ഭക്ഷണം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.<br><br>എല്ലാദിവസവും രാവിലെ പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം നൽകൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും. | പഞ്ചായത്ത്, എച്ച് എം, പി ടി എ, ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ. | 1.3 ലക്ഷം |

പ്രവർത്തനം : 20

പ്രവർത്തനത്തിന്റെ പേര് : ഗവേഷണ പ്രോജ്കട്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ വിദ്യാർഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നോക്ക അവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടത് കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ. | വർഷത്തിൽ ഒന്ന് വീതം | എസ് ആർ ജി, പി ടി എ, എം പി ടി എ, എസ് എസ് ജി. | |

## പ്രവർത്തനം : 21

പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുസ്തകങ്ങളോടുള്ള താല്പര്യം വർധിപ്പിക്കാൻ.. | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു.<br><br>കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാം. | കുട്ടികളുടെ ജന്മദിനങ്ങളിൽ. | ക്ലാസ് ടീച്ചർ, ക്ലാസ്സ് ലീഡർ | |

## പ്രവർത്തനം : 22

പ്രവർത്തനത്തിന്റെ പേര് : സർഗോത്സവം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന്. | പി ടി എ, എം പി ടി എ, അധ്യാപകർ .എന്നിവരുടെ നേതൃത്വത്തിൽ കുട്ടികളുടെ സർഗ്ഗാത്മക പരിപാടികൾ.<br><br>മികച്ച പ്രകടനങ്ങൾക്ക് സമ്മാനം നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി, പി ടി എ, എം പി ടി എ. | |

<u>പ്രവർത്തനം : 23</u>

പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ. | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | എസ് ആർ ജി, പി ടി എ, എം പി ടി എ | |

<u>പ്രവർത്തനം : 24</u>

പ്രവർത്തനത്തിന്റെ പേര് : ട്രിന്നിംഗ്

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക, മികവ് പങ്കിടൽ. | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയുക. | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ, എസ് ആർ ജി | |

<u>പ്രവർത്തനം : 25</u>

പ്രവർത്തനത്തിന്റെ പേര് : വരയും കുറിയും

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്.<br><br>ഈ ചരിത്രം രേഖാചിത്രീകരണത്തിലൂടെയും ലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകം ആക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം . | പി ടി എ, എം പി ടി എ, എസ് എസ് ജി | |

<u>പ്രവർത്തനം : 26</u>

പ്രവർത്തനത്തിന്റെ പേര് : സുരീലി ഹിന്ദി

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയായ ഹിന്ദിയിൽ കുട്ടികൾക്കുള്ള പ്രാവീണ്യം വർധിപ്പിക്കുക | ഹിന്ദി അക്ഷരങ്ങൾ ചെറിയ ചെറിയ വാക്കുകൾ എന്നിവ ദൈനംദിന ആവർത്തനത്തിലൂടെ കുട്ടികളിലേക്ക് എത്തിക്കുക. | എല്ലാ വെള്ളിയാഴ്ച യും. | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഹിന്ദി സംസാരിക്കുന്ന കുട്ടികൾ സ്കൂളിലുള്ളത് കൊണ്ട് തന്നെ അവരുമായി ഇടപഴകാനുള്ള സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.<br><br>പുതിയ പദങ്ങളും അറിവുകളും പൊതുവായി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | | |

<u>പ്രവർത്തനം : 27</u>

പ്രവർത്തനത്തിന്റെ പേര് : ഗണിതവിജയം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ, ഗണിത പഠനം രസകരമാക്കൽ, ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ, അനായാസമായി ഗണിത പ്രശ്നങ്ങളെ | ഗണിതമായി ബന്ധപ്പെട്ട പസിലുകളും, പാറ്റേണുകളും, മനക്കണക്കുകളും കുട്ടികളിലേക്ക് എത്തിക്കുന്നു.<br><br>ദൈനംദിന ആവർത്തനത്തിലൂടെയും ചോദ്യം ചോദിക്കലിലൂടെയും കുട്ടികൾക്ക് ഗണിതം | വർഷം മുഴുവൻ | ഗണിത ക്ലബ്ബ്, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പരിഹരിക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ. | സുപരിചിതമാക്കുന്നു.<br><br>ചെറിയ ചെറിയ കളികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തുന്നു | | | |

<u>പ്രവർത്തനം : 28</u>

പ്രവർത്തനത്തിന്റെ പേര് : മലയാളത്തിളക്കം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം എഴുതാനും വായിക്കാനും സ്വന്തമായി വാക്യങ്ങൾ രൂപീകരിക്കുവാനും ആശയവിനിമയം ചെയ്യാനും കുട്ടികളെ പ്രാപ്തരാക്കുക | ചെറിയ ചെറിയ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികളിലേക്ക് ആശയം എത്തിക്കുന്നു.<br><br>അവിടുന്ന് വാക്യങ്ങളിലേക്കും വാക്യങ്ങളിൽ നിന്ന് വാക്കുകളിലേക്കും എത്തിക്കുന്നു.<br><br>മലയാളം വായിക്കാനും എഴുതാനും ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ഡയറി എഴുതാനും പൊതുവായ അവതരിപ്പിക്കുവാനും അവസരം നൽകുന്നു. | ആഴ്ചയിൽ ഒന്ന് | മലയാളം അധ്യാപിക ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 29

പ്രവർത്തനത്തിന്റെ പേര് : ഹലോ ഇംഗ്ലീഷ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | കുട്ടികൾക്ക് കൊടുക്കുന്ന നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ ആക്കുന്നു.<br><br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള അവസരങ്ങൾ നൽകുന്നു.<br><br>രസകരമായ കളികളിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ക്ലാസ് തലത്തിൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപിക ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 30

പ്രവർത്തനത്തിന്റെ പേര് : യോഗ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൊത്തത്തിലുള്ള ശാരീരിക ആരോഗ്യം പ്രോത്സാഹിപ്പിക്കുക. | എല്ലാ വെള്ളിയാഴ്ചയും രാവിലെ കുട്ടികളെ യോഗ | എല്ലാ വെള്ളിയാഴ്ചയും | യോഗ അധ്യാപിക | |

| | | | | |
|---|---|---|---|---|
| ആസനങ്ങളിലൂടെ (ആസനങ്ങൾ) യോഗ വഴക്കം, പേശികളുടെ ശക്തി, സന്തുലിതാവസ്ഥ, ഏകോപനം എന്നിവ വർദ്ധിപ്പിക്കുന്നു. | അഭ്യസിപ്പിക്കുന്നു.<br><br>പ്രാണായാമവും യോഗാസനങ്ങളും ചെയ്യാൻ പരിശീലിപ്പിക്കുന്നു.<br><br>എല്ലാദിവസവും യോഗ ചെയ്യണമെന്ന് നിർദ്ദേശം നൽകുന്നു. | | | |

<u>പ്രവർത്തനം : 31</u>

പ്രവർത്തനത്തിന്റെ പേര് : സുമ്പ ഡാൻസ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരീരത്തിനും മനസ്സിനും ആരോഗ്യം നൽകുക. | കുട്ടികളെ സുമ്പ ഡാൻസ് പരിശീലിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 32
പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പാഠപുസ്തകങ്ങൾക്കപ്പുറം പുറംലോകത്തെ അടുത്തറിയുവാനും, നേരനുഭവങ്ങൾ ആർജിക്കാനും. | കുട്ടികളെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് വർഷത്തിലൊരിക്കൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥലത്തേക്ക് പഠനയാത്ര പോകുന്നു. | വർഷത്തിലൊരിക്കൽ | എസ് ആർ ജി, പി ടി എ | |

## പ്രവർത്തനം : 33
പ്രവർത്തനത്തിന്റെ പേര് : ഗെയിംസ്
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആരോഗ്യം, ശാരീരിക ക്ഷമത എന്നിവ വർദ്ധിപ്പിക്കുക. | <u>ബാഡ്മിന്റൺ</u> വൈകുന്നേരങ്ങളിൽ ബാഡ്മിന്റൺ കോമ്പറ്റീഷൻ വയ്ക്കുക. | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ | |
| കുട്ടികളിലെ ശ്രദ്ധ സൂക്ഷ്മ പേശി വികാസം എന്നിവ | <u>ക്യാരംസ്</u> കുട്ടികളെ രണ്ട് ഗ്രൂപ്പ് ആക്കുന്നു. എല്ലാ | | | |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കൽ. | ആഴ്ചയിലും അധ്യാപികയുടെ നേതൃത്വത്തോടെ കുട്ടികളെ ക്യാരംസ് കളിക്കാൻ അനുവദിക്കുന്നു. വിജയിക്കുന്ന ടീമിനെ പ്രോത്സാഹിപ്പിക്കുന്നു | | | |
| കുട്ടികളിലെ ശ്രദ്ധ ഏകാഗ്രത എന്നിവ വർദ്ധിപ്പിക്കുക. | ചെസ്സ്<br>ചെസ്സ് കളിയുടെ നിയമങ്ങളും തന്ത്രങ്ങളും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കുന്നു.<br>എല്ലാ ആഴ്ചയിലും ചെസ് പ്രാക്ടീസ് വയ്ക്കുന്നു. | | | |

<u>പ്രവർത്തനം : 34</u>

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ സുരക്ഷാ/ജാഗ്രതാ സമിതി

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആപത്ത് കാലങ്ങളിൽ (അഗ്നി, ഭൂകമ്പം, വെള്ളപ്പൊക്കം തുടങ്ങിയവ) രക്ഷാപ്രവർത്തനം നടത്താനുള്ള പരിശീലനം | സ്കൂൾ പരിസരത്തിലെ സുരക്ഷാ സംവിധാനം വിലയിരുത്തൽ<br><br>ദുരന്ത നിവാരണ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | പിടിഎ<br>എസ് എം ഡി സി<br>സ്കൂൾ സുരക്ഷാ സമിതി<br>സ്കൂൾ ജാഗ്രതാ | |

| | | | | |
|---|---|---|---|---|
| നൽകുക<br><br>സ്കൂളുകളിൽ അടിയന്തിര സുരക്ഷാ മാർഗങ്ങൾ, ഫയർ എക്സ്റ്റിങ്ങ്വിഷറുകൾ തുടങ്ങിയ സുരക്ഷാ സൗകര്യങ്ങൾ ഉറപ്പാക്കുക<br><br>വിദ്യാർത്ഥികളിൽ സുരക്ഷാ ബോധവത്കരണം വളർത്തുക<br><br>സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി സ്കൂൾ മാനേജ്മെന്റിനും ജീവനക്കാർക്കും മാർഗനിർദ്ദേശങ്ങൾ നൽകുക<br><br>. | അടിയന്തിര സാഹചര്യങ്ങളിൽ പ്രതികരിക്കാനുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ<br><br>പെൺകുട്ടികളുടെ സുരക്ഷയും ശിശുസൗഹൃദാവസ്ഥയും ഉറപ്പാക്കൽ<br><br>വിദ്യാർത്ഥികൾക്കായി പരാതി പരിഹരണ സംവിധാനങ്ങൾ ഒരുക്കൽ<br><br>വിദ്യാർത്ഥികളിൽ സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br><br>രക്ഷിതാക്കളുമായും നാട്ടുകാരുമായും സഹകരണം ഉറപ്പാക്കൽ<br><br>സുരക്ഷാ പോസ്റ്ററുകളും വിജ്ഞാപനങ്ങളും തയ്യാറാക്കൽ<br><br>മാസാമാസമുള്ള അവലോകനം | | സമിതി | |

## <u>പ്രവർത്തനം : 35</u>

## പ്രവർത്തനത്തിന്റെ പേര് : പ്രഥമ ശുശ്രുഷ പരിശീലനം

## ഉപമേഖല : ആരോഗ്യം / സുരക്ഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അപകട സമയത്ത് ഉടനടി പ്രതികരിക്കാനുള്ള ജ്ഞാനം നൽകുക<br><br>ആശുപത്രിയിലേക്ക് എത്തിക്കുന്നതിനുമുമ്പ് രോഗിക്ക് ആവശ്യമായ പ്രാഥമിക സഹായം നൽകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക<br><br>ജീവരക്ഷാ കാര്യങ്ങളിൽ അടിസ്ഥാനപരമായ പരിജ്ഞാനം നൽകുക<br><br>വിദ്യാർത്ഥികളിൽ ഉത്തരവാദിത്വബോധവും സേവന മനോഭാവവും വളർത്തുക<br><br>അപകടങ്ങൾ തിരിച്ചറിയാനും | CPR പരിശീലനം<br><br>മുറിവുകൾക്കും പൊള്ളലുകൾക്കുമുള്ള പ്രഥമ ശുശ്രുഷ പരിശീലനം<br><br>ഫസ്റ്റ് എയ്ഡ് കിറ്റിന്റെ ഉപയോഗം പരിചയപ്പെടുത്തൽ<br><br>അപകടസമയത്തെ അടിയന്തിര സേവനങ്ങൾ അറിയിക്കൽ (Ambulance, Fire Force, Police)<br><br>അടിയന്തിര നമ്പറുകൾ പഠിപ്പിക്കൽ (108, 112)<br><br>പ്രായോഗിക പ്രകടനങ്ങളും മോക്ക് ഡ്രിലുകളും | വർഷം മുഴുവൻ | പിടിഎ<br>എസ് എം ഡി സി<br>സ്കൂൾ സുരക്ഷാ സമിതി<br>സ്കൂൾ ജാഗ്രതാ സമിതി | |

| | | | | |
|---|---|---|---|---|
| ചെറുതായി കൈകാര്യം ചെയ്യാനും അവരെ പരിശീലിപ്പിക്കുക | സംഘടിപ്പിക്കൽ | | | |

<u>പ്രവർത്തനം : 36</u>

പ്രവർത്തനത്തിന്റെ പേര് : ഐ ലൈവ്

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വയംബോധവും ആത്മവിശ്വാസവും വളർത്തുക<br><br>ഭാവനയും ആത്മനിയന്ത്രണവും ഉറപ്പാക്കുക<br><br>വിനിമയ ശേഷിയും നേതൃത്വപരമായ കഴിവുകളും വികസിപ്പിക്കുക<br><br>സഹകരണ മനോഭാവവും സാമൂഹിക ഉത്തരവാദിത്തവും വളർത്തുക<br><br>സ്വന്തം ലക്ഷ്യങ്ങൾ വ്യക്തമായി നിശ്ചയിക്കാൻ | സ്വയംബോധ പരിശീലനം<br><br>വിനിമയ നൈപുണ്യങ്ങൾ വികസിപ്പിക്കൽ<br><br>ബന്ധനങ്ങൾ ശക്തമാക്കൽ<br><br>ജീവിത മൂല്യ പഠനം<br><br>തീരുമാന ശേഷിയും ഉത്തരവാദിത്വ ബോധവും വളർത്തൽ വികസിപ്പിക്കൽ<br><br>സംഘപരിശീലനം / ഗ്രൂപ്പ് | വർഷം മുഴുവൻ | പ്രാധാനാധ്യാപിക<br>അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സഹായിക്കുക<br><br>മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക | ആക്ടിവിറ്റികൾ<br><br>സ്വപ്നങ്ങളും ലക്ഷ്യങ്ങളും രൂപപ്പെടുത്തൽ<br><br>അനുഭവങ്ങൾ പങ്കുവയ്ക്കൽ | | | |

# ഭൗതികം

## ഗവൺമെന്റ് എൽ പി എസ് കരിക്കിൻ മേട്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | തുക | ഏജൻസി |
|---|---|---|---|---|---|
| 1 | ക്ലാസ് മുറികൾ മനോഹരമാക്കൽ. | ജനൽ പാളികൾ, വാതിലുകൾ എന്നിവ സ്ഥാപിക്കൽ.<br><br>സീലിംഗ് നടത്തുക<br><br>പുസ്തകങ്ങൾ സൂക്ഷിക്കാൻ ക്ലാസ് ലൈബ്രറി സൗകര്യം.<br><br>സൗണ്ട് സിസ്റ്റം, ഇന്ററാക്ടീവ് ബോർഡ് , വൈറ്റ് ബോർഡ് എന്നിവ സ്ഥാപിക്കൽ. | ആറുമാസം | 3,50,000 | സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾ, പിടിഎ, ഒഎസ്എ. |
| 2 | വാഹനസൗകര്യം ഏർപ്പെടുത്തുക | സ്കൂൾ പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിനായി വാഹനം വാങ്ങൽ.<br><br>സ്റ്റാഫിനെ നിയമിക്കൽ.<br><br>വാഹന ഷെഡ്ഡ് നിർമ്മിക്കൽ . | | 10 ലക്ഷം | എംപി ഫണ്ട്, പിടിഎ. |

| | | | | | |
|---|---|---|---|---|---|
| 3 | നിലവിലുള്ള കെട്ടിടത്തിലെ ഒരു മുറിയിൽ ലൈബ്രറി റൂം സജ്ജീകരിക്കൽ. | ഫർണിഷ് ചെയ്യൽ<br><br>ഷെൽഫ്<br><br>ബുക്കുകൾ ലഭ്യമാക്കൽ<br><br>കുട്ടികൾക്ക് ഇരുന്നു പഠിക്കാൻ ഇരിപ്പിടങ്ങൾ സജ്ജീകരിക്കൽ<br><br>ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കൽ<br><br>ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തൽ<br><br>ആനുകാലികങ്ങൾ ലഭ്യമാക്കൽ. | ഒരു വർഷം | 3 ലക്ഷം | ഗ്രാമപഞ്ചായത്ത് |
| 4 | കമ്പ്യൂട്ടർ റൂം നിർമ്മാണം | കമ്പ്യൂട്ടർ ,ലാപ്ടോപ്പ്, പ്രോജക്ടർ സൗകര്യം ഏർപ്പെടുത്തൽ.<br><br>എസി സ്ഥാപിക്കൽ | രണ്ടുവർഷം | 6 ലക്ഷം | കൈറ്റ് |
| 5 | മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. | അടുക്കള മാലിന്യങ്ങൾ ആഹാര അവശിഷ്ടങ്ങൾ എന്നിവയുടെ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ<br><br>ക്ലാസുകളിലും പുറമേയും ഉണ്ടാകുന്ന | ഒരു വർഷം | രണ്ടു ലക്ഷം | ശുചിത്വമിഷൻ |

| | | | | | |
|---|---|---|---|---|---|
| | | മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാൻ സൗകര്യമേർപ്പെടുത്തൽ<br><br>വേസ്റ്റ് വാട്ടർ കൃഷിക്കും മറ്റുമായി ഉപയോഗിക്കൽ. | | | |
| 6 | ടോയ്‌ലറ്റ്<br><br>യൂറിനൽ കോംപ്ലക്സ് നവീകരിക്കൽ | ടൈൽ പാകി നവീകരിക്കൽ<br><br>യൂറിനൽ യൂണിറ്റ് സ്ഥാപിക്കൽ<br><br>സേഫ്റ്റി ടാങ്ക് നിർമ്മാണം<br><br>ജലലഭ്യത ഉറപ്പുവരുത്തൽ<br><br>ടോയ്‌ലറ്റ് ബ്ലോക്കുകളെ ജൈവവേലി കെട്ടിത്തിരിക്കൽ | ഒരു വർഷം | രണ്ട് ലക്ഷം | എസ് എസ് എ |
| 7 | ഓഫീസ് റൂം സജ്ജീകരിക്കൽ | എച്ച് എമ്മിന്റെ മുറി നവീകരിക്കുക<br><br>ലാപ്ടോപ്പ് പ്രിന്റർ, ഫോട്ടോ കോപ്പിയർ തുടങ്ങിയവ വാങ്ങി സൂക്ഷിക്കാൻ സൗകര്യം ഒരുക്കൽ<br><br>ഓഫീസ് മുറിയിൽ ഇരുന്നുകൊണ്ട് തന്നെ കുട്ടികളും അധ്യാപകരുമായി ആശയവിനിമയം നടത്താൻ ആവശ്യമായ സൗണ്ട് സിസ്റ്റം | രണ്ടുവർഷം | 5 ലക്ഷം | പൂർവ്വ വിദ്യാർത്ഥി സന്നദ്ധ സംഘടന<br>സ്റ്റാഫ് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | | ഏർപ്പെടുത്തൽ<br><br>അലമാരകൾ ലഭ്യമാക്കൽ<br><br>സ്റ്റാഫ് റൂമിൽ അധ്യാപകരുടെ സാമഗ്രികൾ സൂക്ഷിക്കാൻ ഇടം സജ്ജീകരിക്കൽ<br><br>ആവശ്യാനുസരണം ഫർണിച്ചർ ലഭ്യമാക്കൽ | | | |
| 8 | കുടിവെള്ള സൗകര്യം ഒരുക്കൽ | നിലവിലുള്ള കിണർ ആഴം കൂട്ടി വൃത്തിയാക്കി കുടി വെള്ളസൗകര്യം ഉറപ്പാക്കൽ<br><br>വാട്ടർ സ്റ്റോർ ചെയ്യാനാവശ്യമായ ടാങ്കുകൾ സ്ഥാപിക്കൽ<br><br>ക്ലാസുകളിൽ കുടിവെള്ളം ലഭ്യമാക്കാൻ സൗകര്യം<br><br>കുടിവെള്ള പരിശോധന<br><br>മഴക്കുഴികൾ നിർമ്മാണം<br><br>മഴവെള്ള സംഭരണി | രണ്ടു വർഷം | മൂന്ന് ലക്ഷം | ഗ്രാമപഞ്ചായത്ത് |
| 9 | വിദ്യാലയം സുരക്ഷിതവും മനോഹരവും ആക്കൽ | കോമ്പൗണ്ട് വാൾ ഉയരം കൂട്ടി മനോഹരമാക്കൽ<br><br>മനോഹരമായ സ്കൂൾ ഗെയ്റ്റ് സ്ഥാപിക്കൽ | മൂന്നുവർഷം | 5 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | പ്രധാന കെട്ടിടങ്ങളും പരിസരങ്ങളും ക്യാമറ നിരീക്ഷണത്തിൽ ആക്കുക. | | | |
| 10 | ഫ്രീ പ്രൈമറിക്ക് പ്രത്യേകം ക്ലാസ് മുറി സജ്ജീകരിക്കൽ | ക്ലാസ് മുറിയിൽ ടൈൽ പാകി മനോഹരമാക്കൽ<br><br>കളി ഉപകരണങ്ങൾ ലഭ്യമാക്കൽ<br><br>ഇരിപ്പിടങ്ങൾ സജ്ജീകരിക്കൽ<br><br>കുട്ടികളുടെ പഠന സാമഗ്രികൾ സൂക്ഷിക്കാൻ ഇടം ഒരുക്കൽ | | ഒരു ലക്ഷം | കോ-ഓപ്പറേറ്റീവ് സെക്ടർ |
| 11 | ചിൽഡ്രൻസ് തീയേറ്റർ | കെട്ടിടത്തിനു മുന്നിലായി സ്റ്റേജ് ഹാൾ  നിർമ്മിക്കൽ<br><br>സ്റ്റേജിനു മുന്നിലുള്ള ഹാളിന് ചുറ്റും കുട്ടികൾക്ക് ഇരിക്കാൻ വൃത്താകൃതിയിൽ ടൈൽ പാകി ഗ്യാലറി ഒരുക്കൽ<br><br>ഹാളിൽ കസേരകൾ ലഭ്യമാക്കൽ<br><br>ഇലക്ട്രിഫിക്കേഷൻ<br><br>ഫാൻ സൗകര്യം<br><br>സൗണ്ട് സിസ്റ്റം | മൂന്ന് വർഷം | 15 ലക്ഷം | കെ എസ് എഫ് ഡി സി എം എൽ എ |
| 13 | ചിൽഡ്രൻസ് പാർക്ക് | പ്രധാന കെട്ടിടത്തിന് പുറകിലായി ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കൽ | ഒരു വർഷം | ഒരു ലക്ഷം | MP,സന്നദ്ധസംഘടന |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾക്ക് കളി ഉപകരണങ്ങൾ സജീകരിക്കൽ<br><br>ചുറ്റിലും ജൈവവേലി സജ്ജീകരിക്കൽ<br><br>ചെടികൾ നട്ടു മനോഹരമാക്കൽ | | | |
| 14 | ജൈവവൈവിധ്യ പാർക്ക് | ചെടിച്ചട്ടികൾ സജ്ജീകരിക്കൽ<br><br>ജീവികളുടെ പ്രതിമകൾ സ്ഥാപിക്കൽ<br><br>പഴവർഗ്ഗ തൈകൾ നടൽ | ഒരു വർഷം | ഒരു ലക്ഷം | സന്നദ്ധ സംഘടന |
| 15 | നടപ്പാത ഇന്റർലോക്ക് ചെയ്ത് ബന്ധിപ്പിക്കൽ | നടപ്പാത ഒരുക്കൽ<br><br>നടപ്പാതയ്ക്ക് ഇരുവശത്തും പുൽത്തകിടി ഒരുക്കൽ | ഒരു വർഷം | 5 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് |
| 16 | ഫർണിച്ചറുകൾ ലഭ്യമാക്കൽ | മുറികൾ തിരഞ്ഞെടുക്കൽ<br><br>സ്ഥാനം കണ്ടെത്തൽ | ഒരു വർഷം | നാല് ലക്ഷം | എസ് എസ് എ |
| 17 | ഇരുനില കെട്ടിടം പണിയൽ | ഫർണിച്ചറുകൾ മാറ്റി സ്ഥാപിക്കൽ<br><br>ബഞ്ചും ഡസ്കും സജ്ജീകരിക്കൽ<br><br>ഓടുപതിക്കൽ<br><br>ഇലക്ട്രിഫിക്കേഷൻ | മൂന്നുവർഷം | ഒരു കോടി | എംഎൽഎ |
| | | | | | |

# അധിക പ്രവർത്തനങ്ങൾ

| | | | | | |
|---|---|---|---|---|---|
| 18 | മുഴവൻ കുട്ടികൾക്കും അർത്ഥ സമ്പൂർണ്ണമായ എഴുത്തും വായനയ്ക്കുള്ള അവസരം ഒരുക്കുക | ലൈബ്രറി പുസ്തകം വായന<br><br>വായിച്ച പുസ്തക കുറിപ്പ് തയ്യാറാക്കി അവതരണം<br><br>കുട്ടികളുടെ ആകാശവാണി സ്ഥാപിക്കൽ<br><br>ആകാശവാണിയിൽ ക്ലാസ് തലത്തിൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ പ്രഭാഷണങ്ങൾ, കഥാ, കവിത, നാടകം എന്നിവയുടെ അവതരണം<br><br>സാഹിത്യകാരന്മാരുമായി അഭിമുഖം/സംവാദം<br><br>പുസ്തക ചർച്ച<br><br>അമ്മ വായന | രണ്ടുവർഷം | മൂന്നുലക്ഷം | എസ് എസ് എ,<br>പിടിഎ,<br>കെ എസ് ടി എ,<br>കെ പി എസ് ടി യു,<br>ഇതര സംഘടനകൾ |
| 19 | ഗണിത പഠനത്തിൽ താൽപര്യം വളർത്തി ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ഗണിതകേളികൾ<br><br>കണ്ടെത്തൽ അവതരണം<br><br>നിത്യജീവിതത്തിൽ നിന്ന് ഗണിത പ്രശ്നങ്ങൾ കണ്ടെത്തൽ<br><br>ഹോണസ്റ്റി ഷോപ്പ് | ഒരു വർഷം | 2,50,000 | എസ് എസ് എ,<br>കെ എസ് ടി എ,<br>കെ പി എസ് ടി യു,<br>ഇതര സംഘടനകൾ |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാപിക്കൽ<br><br>ഗണിതത്തിലെ അമൂർത്താശയങ്ങൾ അവതരിപ്പിക്കാൻ പാകത്തിൽ ഗണിതശാസ്ത്ര ലാബ് സജ്ജീകരിക്കൽ<br><br>ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ<br><br>ഗണിതത്തിൽ സമർത്ഥരായ അധ്യാപകരുമായി സംവദിക്കൽ | | | |
| 20 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | പിന്നോക്കകാർക്ക് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വർക്ക് ഷീറ്റ് മുൻകൂട്ടി തയ്യാറാക്കൽ<br><br>ക്ലാസ് മുറിയിൽ വർക്ക് ഷീറ്റ് നൽകി പഠനപ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കൽ | ഒരു വർഷം | ഒരു ലക്ഷം | എസ് എസ് എ,<br>കെ എസ് ടി എ,<br>കെ പി എസ് ടി യു,<br>ഇതര സംഘടനകൾ |
| 21 | സമൂഹ പങ്കാളിത്തം ഉറപ്പാക്കി സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | എസ് എം സി, സ്കൂൾ വികസന സമിതി, പിടിഎ, എം പി ടി എ, സമിതികൾ രൂപീകരിക്കൽ.<br><br>കോർണർ പിടിഎ സംഘടിപ്പിക്കൽ<br><br>രക്ഷിതാക്കളുടെ കൂട്ടായ്മകൾ | രണ്ടുവർഷം | രണ്ട് ലക്ഷം | എസ് എസ് എ,<br>പിടിഎ,<br>എസ് എം സി |

| | | | | | |
|---|---|---|---|---|---|
| | | നവീകരിക്കൽ<br><br>തൊഴിൽ പരിശീലനം, കമ്പ്യൂട്ടർ, തയ്യൽ, തുടങ്ങിയവ. | | | |
| 22 | കലാകായികം | കുട്ടികളിലെ പ്രതിഭകൾ കണ്ടെത്തൽ<br><br>കളി ഉപകരണങ്ങൾ ലഭ്യമാക്കൽ<br><br>വിദഗ്ധരുടെ സേവനം ഉറപ്പാക്കൽ<br><br>സ്കൂളിലെ അവതരണം | ഒരു വർഷം | ഒരു ലക്ഷം | എസ് എസ് എ,<br>എസ് എം സി |

# ഉപസംഹാരം

അകാദമിക് മാസ്റ്റർ പ്ലാൻ, സ്ഥാപനത്തിന്റെ അടിസ്ഥാന മൂല്യങ്ങളെയും ശിക്ഷണത്തിൽ ഉൾക്കൊള്ളേണ്ട പുതിയ ദിശകളെയും രൂപപ്പെടുത്തുന്ന ദീർഘദർശിയായ രേഖയാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങളെയും വിജ്ഞാനലോകത്തിലെ പുരോഗതികളെയും അഭിമുഖീകരിക്കാൻ തയ്യാറാകുന്ന ഒരു ആത്മാർത്ഥ ശ്രമം.

വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും, വിദ്യാർത്ഥികളുടെ മനസ്സും കഴിവുകളും പരിപോഷിപ്പിക്കുന്ന സമഗ്രമായ അധ്യയനാന്തരീക്ഷം ഒരുക്കുകയും ചെയ്യുകയാണ് ഈ പ്ലാനിന്റെ പ്രധാന ലക്ഷ്യം. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രതീക്ഷകൾക്കൊത്ത് മുന്നേറാൻ ഈ പ്ലാൻ ഒരു പ്രചോദനമായി മാറും.

ഭാവിയിൽ ഇത്തരം ഒരു ദീർഘകാല ദിശാനിർദ്ദേശം വിജയകരമായി നടപ്പിലാക്കി സ്ഥാപനം ആഗോള നിലവാരമുള്ള വിദ്യാഭ്യാസ കേന്ദ്രമായി വളരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഒറ്റക്കെട്ടായി, പ്രതിബദ്ധതയോടെയും ദീർഘവീക്ഷണത്തോടെയും മുന്നോട്ട് പോവുക മാത്രമാണ് വിജയത്തിലേക്കുള്ള വഴിയെന്നും ഈ പ്ലാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.